SUNDAY 26-06-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/06/2022.

1. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവനകേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 30-നകമാണ് (ജൂൺ 30) ചേർക്കേണ്ടത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉത്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം-പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ, ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടുക.

3. വലിയതുറ തെങ്ങിൻതൈ ഉത്പാദന കേന്ദ്രത്തിൽ ഗുണമേന്മ ഏറിയ WCT, കുള്ളൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2508222, 9383470301** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള 45 ദിവസം പ്രായമുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്

ലഭ്യമാണ്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **9400483754** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പന ക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ 4 മണി വരെ വിൽപ്പനയ്ക്ക് ലഭ്യമാണെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. അഗ്രി ക്ലിനിക്ക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ **സംരഭകത്വവും സ്വയംതൊഴിൽ അവസരങ്ങളും** എന്ന വിഷയത്തിൽ 45 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ നിന്നോ കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ നിന്നോ ഭാരത സർക്കാരിന്റെ കൃഷി, കർഷക ക്ഷേമ, സഹകരണ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ കൃഷി ശാസ്ത്രത്തിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പരിസ്ഥിതി ശാസ്ത്രം, ബോട്ടണി, സുവോളജി, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ/യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നിവയുടെ അംഗീകാരമുള്ള ബിരുദം. കൃഷി ശാസ്ത്രത്തിലോ അനുബന്ധ വിഷയങ്ങളിലോ ഡിപ്ലോമ അല്ലെങ്കിൽ പിജി ഡിപ്ലോമ. പഠന വിഷയത്തിന്റെ 60% ത്തിലധികം കൃഷി ശാസ്ത്രമായിട്ടുള്ളതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ളതുമായ ബിരുദം. പ്ലസ് ടു തലത്തിൽ 55% ത്തിൽ കുറയാത്ത മാർക്കോടെയുള്ള കൃഷി ശാസ്ത്ര കോഴ്സ് എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://acabcmis.gov.in എന്ന വെബ്സൈറ്റിലോ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഓഫീസോ സന്ദർശിക്കുക. അപേക്ഷകൾ ഓൺലൈനായി http://acabcmis.gov.in/ApplicantReg.aspx ൽ സമർപ്പിച്ചതിനുശേഷം **അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ**

**കേന്ദ്രം, മേലെ പട്ടാമ്പി പി.ഒ., പാലക്കാട് ജില്ല, 679 306** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446239318** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 28, 29 (ജൂൺ 28,29) തീയതികളിൽ **ശുദ്ധമായ പാലുത്പന്നം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. പ്രവേശന ഫീസ് 20 രൂപയാണ്. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപ്പര്യമുള്ളവർ dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ 0495-2414579 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

8. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30-ന് (30.06.2022) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ **0491– 2815454** വിളിച്ചോ **9188522713** എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് വാട്സാപ്പ് മെസ്സേജ് അയച്ചോ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് പങ്കെടുക്കുന്നവർ ആധാർ കാർഡ് കരുതേണ്ടതാണ് എന്ന് മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

**കേരള കാർഷിക സർവകലാശാല നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

9. മഴക്കാലത്ത് ഇഞ്ചിയെ ബാധിക്കുന്ന ഒരു രോഗമാണ് പച്ചവാട്ടം. ഇതിനെതിരെ കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുകയും തടങ്ങളിൽ രോഗബാധ കണ്ടാലുടൻ രോഗബാധിതരായ ചെടികൾ അവയുടെ ചുവട്ടിലെ മണ്ണോടെ പിഴുത് മാറ്റുകയും ചെയ്യണം. ഇതിന് ശേഷം വാരങ്ങളിൽ കുമ്മായം വിതറണം. ഒരാഴ്ച കഴിഞ്ഞ് ഒരുകിലോഗ്രാം സ്യൂഡോമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി ചേർത്ത് വാരങ്ങളിൽ ഇട്ട് കൊടുക്കേണ്ടതാണ്.